പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3650 | 10.04.2013 ൽ മറുപടിയ്ക്ക് |
|---|---|
| **ആർ.ഐ.ഡി.എഫിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിട നിർമ്മാണം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗനവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;<br>(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി)<br>സാമൂഹ്യനീതി വകുപ്പിൽ നബാർഡ്- ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുക. കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞു വീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെ 700 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനത്തിന് ബന്ധപ്പെട്ട എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) ഓരോ അംഗനവാടിക്കും എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; അറിയിക്കുമോ; | (സി) ഒരു അംഗനവാടിക്ക് 7 ലക്ഷം രൂപ ക്രമത്തിൽ വകയിരുത്തി നബാർഡ്- ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന അംഗനവാടികൾക്ക് എന്തെല്ലാം സൗകര്യമാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;<br>(ഇ) ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന അംഗനവാടി കെട്ടിടങ്ങളുടെ പ്രവൃത്തി എന്നേയ്ക്ക് ആരംഭിച്ച് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ? . | (ഡി)& (ഇ) ഈ പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിന്റെ പ്ലാൻ സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. ഓരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ലാനും, എസ്റ്റിമേറ്റും (2012- ലെ പൊതു മരാമത്ത് വകുപ്പ് എസ്.ഒ.ആർ പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാരുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട എം.എൽ.എ മുഖേനയും മറ്റും ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ